KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

150 YEARS OF CELEBRATING THE MAHATMA

Ref No:12404 21/06/2021

**<u>സർക്കുലർ നമ്പർ 54/2021 (BD)</u>**

വിഷയം:'കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതി' – നടപടി ക്രമങ്ങളിലെ പുനഃക്രമീകരണം സംബന്ധിച്ച്.

സൂചന: 1. സർക്കുലർ നമ്പർ 48/2021 (BD) dt. 31/05/2021
2. സർക്കുലർ നമ്പർ 18/2021 (BD) dt. 15/03/2021.
3. സർക്കുലർ നമ്പർ 16/2021 (BD) dt. 25/02/2021.
4. സർക്കുലർ നമ്പർ 59/2020 (BD) dt. 14/09/2020.
5. സർക്കുലർ നമ്പർ 43/2020 (BD) dt. 07/07/2020

11/06/2021 ൽ കുടുംബശ്രീ മിഷനുമായി നടത്തിയ ഓൺലൈൻ മീറ്റിങ്ങിലെ തീരുമാനമനുസരിച്ച് കെ.എസ്.എഫ്.ഇ വിദ്യാശ്രീ പദ്ധതിയിൽ താഴെ പറയുന്ന രീതിയിൽ പുനഃക്രമീകരണം നടത്തുന്നു.

1. സൂചന 5 സർക്കുലർ പ്രകാരം വിദ്യാശ്രീ പദ്ധതിയിൽ 1 മുതൽ 9 തവണ വരെ മുടക്ക കൂടാതെ അടക്കുന്ന ഗുണഭോക്താക്കൾക്ക് പത്താം തവണയും, 1 മുതൽ 19 തവണ വരെ മുടക്കമില്ലാതെ അടക്കുന്നവർക്ക് ഇരുപതാം തവണയും അടയ്ക്കുന്നതിന് ഇളവ് അനുവദിച്ചിട്ടുണ്ട്. 1 മുതൽ 30 തവണ വരെ (36 മാസകാലാവധിയിൽ 36 തവണ വരെ) മുടക്കമില്ലാതെ അടക്കുന്നവർക്ക അടുത്ത പദ്ധതിയിൽ ചേരുന്നതിനുള്ള ആദ്യ തവണ അടക്കുന്നതിനും ഇളവ് നൽകിയിരുന്നു. എന്നാൽ മേല്പറഞ്ഞ നിബന്ധനയിൽ പദ്ധതിയുടെ സോഫ്റ്റ് വെയർ പ്രവർത്തന സൗകര്യാർത്ഥം ആദ്യ രണ്ട് ഇളവുകൾ (പത്താം തവണയും ഇരുപതാം തവണയും) അവസാന തവണകളായ അതായത് 29,30 തവണകളിലാണ് നൽകുന്നത്. 36 മാസകാലാവധിയിൽ 35, 36 തവണകളിലും വരവ് വെയ്ക്കുന്നതുമായിരിക്കും.

   1 മുതൽ 9 വരെയുള്ള തവണ സംഖ്യ അടയ്ക്കുന്നതിൽ മുടക്ക വരുത്തുന്ന അംഗങ്ങൾക്ക് പത്താം തവണയുടെ ഇളവിന് അർഹതയില്ലാത്തതിനാൽ ടി അംഗങ്ങൾക്ക് ആയതിനു തുല്യമായ ഇരുപത്തിയൊമ്പതാം തവണ (അല്ലെങ്കിൽ മുപ്പത്തിയഞ്ചാം തവണ) യിലെ ഇളവിന് അർഹതയുണ്ടാവില്ല. എന്നാൽ നിലവിലെ കുടിശ്ശിക തീർത്ത് പത്താം തവണ മുതൽ പത്തൊമ്പതാം തവണ വരെ മുടക്കമില്ലാതെ അടയ്ക്കുന്നവർക്ക് ഇരുപതാം തവണയിലെ ഇളവ് മുപ്പതാം തവണയിൽ (അല്ലെങ്കിൽ മുപ്പത്തിയാറാം തവണയിൽ ) ലഭിക്കുന്നതാണ്. എന്നാൽ 1 മുതൽ 30 തവണ വരെ ( 36 മാസകാലാവധിയിൽ 36 തവണ വരെ) മുടക്കമില്ലാതെ അടക്കുന്നവർക്ക അടുത്ത സമാനമായ പദ്ധതിയിൽ ആദ്യ തവണ അടക്കുന്നതിൽ നിന്നും ഇളവ് നൽകുന്നതായിരിക്കും.

2. ലാപ്ടോപ്പ് ആവശ്യമില്ലാത്ത അംഗങ്ങൾക്ക് (അതായത് ലാപ്ടോപ്പ് വെബ്പോർട്ടൽ വഴി തെരഞ്ഞെടുക്കാത്ത അംഗങ്ങൾ) പദ്ധതി തുകയായ 14250/- രൂപ പണമായി പതിമൂന്നാം തവണ മുതൽ ആവശ്യപ്പെടുന്നവർക്ക് നൽകുന്നതാണ്. 13 തവണ വരെ മുടക്കമില്ലാതെ അടയ്ക്കുന്നവർക്ക് നാലാം തവണ തിയതി മുതൽ നിലവിലെ സ്ഥിരനിക്ഷേപ പലിശ നിരക്കിൽ പതിമൂന്നാം തവണക്ക ശേഷം സംഖ്യ വാങ്ങുന്ന തീയതി വരെ പലിശയടക്കമുള്ള തുക നൽകുന്നതാണ്. എന്നാൽ മുടക്കം വരുത്തിയിട്ടുള്ള അംഗങ്ങൾക്ക് അവർ കുടിശ്ശിക മുഴുവൻ അടച്ച തീർക്കുന്ന തീയതി മുതൽ മാത്രമേ പലിശയ്ക്ക് അർഹതയുണ്ടായിരിക്കുകയുള്ളൂ. (ഉദാഹരണമായി മുടക്കം വരുത്തിയ അംഗം കുടിശ്ശിക മുഴുവൻ 8 –) മത്തെ തവണയാണ് അടച്ച തീർക്കുന്നതെങ്കിൽ 8–) മത്തെ തവണ മുതലായിരിക്കും പലിശയ്ക്ക് അർഹതയുണ്ടായിരിക്കുന്നത്). എന്നാൽ മുടക്ക തവണകൾ അടച്ച തീർക്കാൻ ഈടാക്കുന്ന പിഴപലിശ ഒഴിവാക്കുന്നതാണ്. പദ്ധതി തുക വാങ്ങിയതിന് ശേഷം തവണ സംഖ്യ അടയ്ക്കുന്നതിൽ മുടക്ക് വരുത്തിയാൽ, തവണ സംഖ്യയിന്മേൽ 12% പിഴപ്പലിശയും കൂടി അടയ്ക്കേണ്ടതാണ്.

   അതുപോലെ ലാപ്ടോപ്പ് ആവശ്യപ്പെടുന്ന 3 മാസമെങ്കിലും തവണ തുകകളടച്ച അംഗങ്ങൾ, ലാപ്ടോപ്പ് കിട്ടിയതിനു ശേഷം പദ്ധതി തുക (ലാപ്ടോപ്പിന്റെ വിലയ്ക്ക തുല്യമായ തുക) മുടക്കമില്ലാതെ തവണകളായി നിശ്ചിത കാലാവധിക്കുള്ളിൽ (30 അല്ലെങ്കിൽ 36 മാസം) അടച്ച തീർക്കേണ്ടതാണ്. ലാപ്ടോപ്പ് വാങ്ങുന്നത് വരെയുള്ള തവണ സംഖ്യകൾ മുടക്ക വരുത്തിയാൽ പിഴപ്പലിശ അടക്കേണ്ടതില്ല. എന്നാൽ ലാപ്ടോപ്പ് വാങ്ങിയതിന് ശേഷം മുടക്ക് വരുത്തിയാൽ 12% പിഴപ്പലിശ സഹിതം തവണ സംഖ്യ അടയ്ക്കേണ്ടതാണ്.

3. പദ്ധതിയിൽ ചേർന്ന് പണമടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതിയിൽ തുടർന്ന് പോകുവാൻ താല്പര്യമില്ലാതെയിരിക്കുകയും അടച്ച സംഖ്യ തിരികെ ആവശ്യപ്പെടുകയുമാണെങ്കിൽ കുടുംബശ്രീയുടെ അനുമതിയോടു കൂടി അടച്ച സംഖ്യ തിരികെ നൽകാവുന്നതാണ്. ഇത്തരത്തിൽ പണം തിരികെ നൽകുമ്പോൾ സുഗമ അക്കൗണ്ടിൽ നിന്നും, പ്രസ്തുത അംഗം അടച്ചിട്ടുള്ള സംഖ്യ സുഗമ അക്കൗണ്ടിൽ നിന്നും പിൻവലിച്ച് നൽകാവുന്നതാണ്. എന്നാൽ വെബ് പോർട്ടൽ മുഖേന ലാപ്ടോപ്പ് തെരഞ്ഞെടുത്തിട്ടുള്ള അംഗങ്ങൾക്ക് അവർ അടച്ച സംഖ്യ പിൻവലിക്കുവാൻ കഴിയുകയില്ല. അവർ ആവശ്യപ്പെട്ടിട്ടുള്ള ലാപ്ടോപ്പ് സ്വീകരിക്കുവാനും തവണകളായി പദ്ധതി തുക തിരിച്ചടയ്ക്കുവാനും ബാദ്ധ്യസ്ഥരാണ്.

4. പദ്ധതിയിലെ തിരിച്ചടവ് തീയതി പൊതുവായി എല്ലാ അംഗങ്ങൾക്കും എല്ലാ മാസവും 26- തീയതി ആയി നിജപ്പെടുത്തുന്നു. 26 - തീയതി ഒഴിവു ദിനമാണെങ്കിൽ അടുത്ത പ്രവൃത്തി ദിവസമായിരിക്കും തിരിച്ചടവ് തീയതി.

5. ലാപ്ടോപ്പുകളുടെ സർവ്വീസ് സംബന്ധിച്ചുള്ള എല്ലാ പരാതികളും Tax Invoice ൽ കാണിച്ചിരിക്കുന്ന ഫോൺ നമ്പറിൽ ലാപ്ടോപ്പ് കമ്പനിയുമായി ബന്ധപ്പെട്ട് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട അയൽക്കൂട്ടങ്ങളോട്/ഗുണഭോക്താക്കളോട് നിർദ്ദേശിക്കേണ്ടതാണ്.

6. നിലവിലെ കോവിഡ് അടിയന്തിര സാഹചര്യം മൂലമാണ് മേഖലാ ഓഫീസുകളിൽ എത്തിച്ചേർന്നിരുന്ന ലാപ്ടോപ്പുകൾ ശാഖാ ഓഫീസുകളിൽ കെ.എസ്.എഫ്.ഇ തന്നെ എത്തിച്ചതും ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിരുന്നതും. എന്നാൽ 1-7-2021 മുതൽ വരുന്ന ലാപ്ടോപ്പുകൾ നേരത്തെയുള്ള നിബന്ധന പ്രകാരം തന്നെ കുടുംബശ്രീയുടെ ജില്ലാ കോ-ഓർഡിനേറ്റർ മുഖേന മേഖലാ ഓഫീസുകളിൽ നിന്നും സ്വീകരിച്ച് ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ട ചുമതല കുടുംബശ്രീക്കായിരിക്കും. ആയതിനാൽ എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുന്നതുമായി ബന്ധപ്പെട്ടുള്ള എല്ലാ നടപടിക്രമങ്ങളും നേരത്തെ നിർദ്ദേശിച്ചിട്ടുള്ളത് പോലെ തന്നെ മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

To:- എല്ലാ ശാഖാ തലവന്മാർക്കും

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
3. എല്ലാ IAD ടീമുകൾക്കും/പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
4. സർക്കുലർ ഫയൽ
5. MD യുടെ PA
6. എല്ലാ SDT ഓഫീസുകൾക്കും